# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA MPM9/1419/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 13/10/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA MPM9/1419/2021 തീയ്യതി: 13/10/2021

## മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 31-01-2020 മുതൽ 23-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 24-08-2021 | 09-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-08-2021 | 09-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൾ സത്താർ. സി.പി., ഓഡിറ്റ് ഓഫീസർ
ശ്രീമതി അസീന.എ.പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഷജീർ.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ഹുസ്ന.പി.സി., ഓഡിറ്റർ
ശ്രീമതി വിനീത.പി.പി., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| | | 01-04-2020 | 25-01-2021 |

| | | | |
|---|---|---|---|
| ശ്രീ എം എൻ കോയ മാസ്റ്റർ | പ്രസിഡന്റ് | | |
| ശ്രീമതി ഷാഹിദാ മുഹമ്മദ് | പ്രസിഡന്റ് | 26-01-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പ്രേമാനന്ദൻ കെ | സെക്രട്ടറി | 01-04-2020 | 05-10-2020 |
| ശ്രീമതി ഗീത പി | സെക്രട്ടറി ഇൻ ചാർജ് | 06-10-2020 | 08-10-2020 |
| ശ്രീ അനസ് വൈ | സെക്രട്ടറി | 09-10-2020 | 19-11-2020 |
| ശ്രീമതി ഗീത പി | സെക്രട്ടറി ഇൻ ചാർജ് | 20-11-2020 | 23-12-2020 |
| ശ്രീ അവിസന്ന പി | സെക്രട്ടറി | 24-12-2020 | 09-02-2021 |
| ശ്രീ ഹുസൈൻ എം എ | സെക്രട്ടറി | 10-02-2021 | 01-03-2021 |
| ശ്രീമതി ഗീത പി | സെക്രട്ടറി ഇൻ ചാർജ് | 02-03-2021 | 31-03-2021 |
| ശ്രീമതി ഗീത പി | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ എൽദോ തോമസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 07-02-2021 |
| ശ്രീ ഫ്രാൻസിസ് എ ഫെർണാണ്ടസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 08-02-2021 | 09-03-2021 |
| ശ്രീ അരുൺ റ്റി | അസിസ്റ്റന്റ് എഞ്ചിനിയർ | 10-03-2021 | 14-03-2021 |
| ശ്രീ ഫ്രാൻസിസ് എ ഫെർണാണ്ടസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 15-03-2021 | 31-03-2021 |
| ഡോ. ജയനാരായണൻ എ. എം | മെഡിക്കൽ ഓഫീസർ (എഫ്..എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ ഷാഹുൽ ഹമീദ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ ജിഷലി എൻ | മെഡിക്കൽ ഓഫീസർ (ജി എ ഡി) | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ സ്മിത എസ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി സുധ എസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി സുജാത മാനിയേൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീകല | വി.ഇ.ഒ | 01-04-2020 | 21-02-2021 |
| ശ്രീ ഷഫീക്ക് കെ | വി.ഇ.ഒ | 22-02-2021 | 31-03-2021 |
| ഒഴിവ് | ഹെഡ് മാസ്റ്റർ | 01-04-2020 | 21-06-2020 |
| ശ്രീമതി അജിത എം | ഹെഡ് മിസ്ട്രസ് | 22-06-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Husna (Auditor, On 29-08-2021)<br>Last Updated By: Husna (Auditor, On 08-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Husna (Auditor, On 29-08-2021)<br>Last Updated By: Husna (Auditor, On 08-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Husna (Auditor, On 29-08-2021)<br>Last Updated By: Husna (Auditor, On 08-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ).സി.ആർ. പ്രകാരം)<br>Written By: Husna (Auditor, On 29-08-2021)<br>Last Updated By: Husna (Auditor, On 17-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Husna (Auditor, On 29-08-2021)<br>Last Updated By: Husna (Auditor, On 08-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Husna (Auditor, On 29-08-2021)<br>Last Updated By: Unni.P (Deputy Director, On 08-10-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Husna (Auditor, On 29-08-2021)<br>Last Updated By: Husna (Auditor, On 08-09-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Husna (Auditor, On 29-08-2021)<br>Last Updated By: Husna (Auditor, On 29-08-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Husna (Auditor, On 07-09-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Husna (Auditor, On 07-09-2021)<br>Last Updated By: Husna (Auditor, On 08-09-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Husna (Auditor, On 08-09-2021)<br>Last Updated By: Husna (Auditor, On 10-09-2021) | 1-11 |
| 12 | മാന്വൽ രസീത് ബുക്ക് ഉപയോഗത്തിലെ അപാകതകൾ<br>Written By: Husna (Auditor, On 09-09-2021)<br>Last Updated By: Husna (Auditor, On 09-09-2021) | 1-12 |
| 13 | ഡി & ഒ ലൈസൻസ് - അപേക്ഷയിൽ മൂലധനം രേഖപ്പെടുത്തുന്നില്ല.<br>Written By: Husna (Auditor, On 08-09-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 1-13 |
| 14 | സുഭിക്ഷ കേരളം- ഫലവൃക്ഷതൈ വിതരണ പദ്ധതി- ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തു, പദ്ധതി നടപ്പാക്കിയില്ല.<br>Written By: Vineetha P P (Auditor, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 08-10-2021) | 1-14 |
| 15 | കോൺട്രാക്ടേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.<br>Written By: Vineetha P P (Auditor, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 08-10-2021) | 1-15 |
| 16 | സ്ഥിര നിക്ഷേപം ചട്ട വിരുദ്ധമായി സൂക്ഷിക്കുന്നു.<br>Written By: Husna (Auditor, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 08-10-2021) | 1-16 |

| | | |
|---|---|---|
| 17 | ബക്കറ്റ് കമ്പോസ്റ്റ് -പദ്ധതി പൂർത്തീകരിച്ചിട്ടില്ല.<br>Written By: Shajeer.K (Senior Grade Auditor, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 08-10-2021) | 1-17 |
| 18 | അസിസ്റ്റന്റ് എഞ്ചിനിയർ- പദ്ധതി നിർവഹണത്തിലെ പൊതു അപാകതകൾ.<br>Written By: Abdul Sathar C.P (Audit Officer, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 1-18 |
| 19 | ലൈഫ് മിഷൻ ഭവന നിർമ്മാണം-പട്ടിക ജാതി -പൂർത്തീകരിച്ചിട്ടില്ല.<br>Written By: Shajeer.K (Senior Grade Auditor, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 1-19 |
| 20 | പഴയ മോട്ടോറുകൾ ലേലം ചെയ്തു മുതൽക്കൂട്ടിയില്ല.<br>Written By: ASEENA.A.P (Asst. Audit Officer, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 1-20 |
| 21 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീത് ബുക്കുകൾ ചട്ട പ്രകാരമുള്ളതല്ല.<br>Written By: Husna (Auditor, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 11-10-2021) | 1-21 |
| 22 | വെറ്റിനറി ഡിസ്പൻസറിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ- മുൻകൂർ തുക നൽകി,കമ്പ്യൂട്ടർ ലഭ്യമായില്ല.<br>Written By: Husna (Auditor, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 1-22 |
| 23 | എസ്.സി വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ് വിതരണം പൂർത്തിയാവാത്തത് – 1266774/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: ASEENA.A.P (Asst. Audit Officer, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 1-23 |
| 24 | CPRCS പോർട്ടൽ വഴി പി.എച്ച്.സി യിലേക്ക് കംപ്യൂട്ടർ വാങ്ങൽ - കംപ്യൂട്ടർ ലഭ്യമായിട്ടില്ല - 42510/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: ASEENA.A.P (Asst. Audit Officer, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 1-24 |
| 25 | CPRCS പോർട്ടൽ വഴി ഹോമിയോ ഡിസ്പെൻസറിയിലേക്ക് കംപ്യൂട്ടർ വാങ്ങൽ - കംപ്യൂട്ടർ ലഭ്യമായിട്ടില്ല - 43162/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: ASEENA.A.P (Asst. Audit Officer, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 11-10-2021) | 1-25 |
| 26 | കെ.എം.എസ്.സി.എൽ ൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.<br>Written By: ASEENA.A.P (Asst. Audit Officer, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 11-10-2021) | 1-26 |
| 27 | ഹോംകോയിൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.<br>Written By: ASEENA.A.P (Asst. Audit Officer, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 11-10-2021) | 1-27 |
| 28 | മുൻകൂർ തുക നല്കി-കമ്പ്യൂട്ടർ ലഭിച്ചിട്ടില്ല.(ഗവ. ആയുർവേദ ഡിസ്പെൻസറി)<br>Written By: Abdul Sathar C.P (Audit Officer, On 01-09-2021)<br>Last Updated By: Unni.P (Deputy Director, On 11-10-2021) | 1-28 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Husna (Auditor, On 29-08-2021)<br>Last Updated By: Unni.P (Deputy Director, On 11-10-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Husna (Auditor, On 29-08-2021)<br>Last Updated By: Husna (Auditor, On 09-09-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Husna (Auditor, On 29-08-2021)<br>Last Updated By: Unni.P (Deputy Director, On 11-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Husna (Auditor, On 29-08-2021)<br>Last Updated By: Husna (Auditor, On 29-08-2021) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Husna (Auditor, On 29-08-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Husna (Auditor, On 29-08-2021)<br>Last Updated By: Husna (Auditor, On 08-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Husna (Auditor, On 29-08-2021)<br>Last Updated By: Husna (Auditor, On 29-08-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Husna (Auditor, On 29-08-2021)<br>Last Updated By: Husna (Auditor, On 09-09-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Husna (Auditor, On 29-08-2021)<br>Last Updated By: Husna (Auditor, On 09-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യാവലോകനം<br>Written By: Husna (Auditor, On 29-08-2021)<br>Last Updated By: Unni.P (Deputy Director, On 11-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Husna (Auditor, On 29-08-2021)<br>Last Updated By: Unni.P (Deputy Director, On 11-10-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസാക്കിയ തിയ്യതി | ബജറ്റ് പുതുക്കിയ തിയ്യതി |
|---|---|
| തീരുമാനം നമ്പർ 1/1<br>23-03-2020 | തീരുമാനം നമ്പർ 1/1<br>18-02-21 |

### 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തിയതി |
|---|---|---|
| 2020-21 | 31-07-2021 | 23-06-21 |

### 1-3 സാമ്പത്തിക വിശകലനം

| ഇനം | വർഷം (2020-21) |
|---|---|
| മുന്നിരിപ്പ് | 35870157 |
| വരവ് | 127408731 |
| ആകെ | 163278888 |
| ചെലവ് | 126303721 |
| നീക്കിയിരിപ്പ് | 36975137 |

### 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 19418780 | 19418780 | 19348780 | 70000 |
| വികസനഫണ്ട് എസ്.സി.പി. | 0 | 18038349 | 18038349 | 16553772 | 1484577 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 360352 | 360352 | 314148 | 46204 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 7769613 | 7769613 | 7398328 | 371285 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7668000 | 7668000 | 7668000 | 0 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 15259304 | 15259304 | 14781075 | 478229 |
| വികസനഫണ്ട് സി എഫ് സി ടൈഡ് ഗ്രാന്റ് | 0 | 8740000 | 8740000 | 3718193 | 5021807 |
| ബി ഫണ്ട് | 0 | 85705140 | 85705140 | 85705140 | |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 434 | 175422522 | 346 | 120217409 | 1 | 87 | 79.72 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 767 | 1311421 | 1312188 | 1311511 | 677 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 28184075 | 28184075 | 28184075 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കൾ (എണ്ണം) |
|---|---|---|
| തൊഴിൽരഹിത വേതനം | 1440 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 5291600 | 327 |
| വിധവാപെൻഷൻ | 28325900 | 1819 |
| വാർദ്ധക്യകാല പെൻഷൻ | 48738100 | 3494 |
| ഭിന്നശേഷി പെൻഷൻ | 11178100 | 724 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1870000 | 126 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 300000 | 10 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.08.2021 ന് 2.30 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 101027 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ജി ഒ (എംഎസ്) 10/17 തസ്വഭവ തി. 9.1.17 പ്രകാരം പ്രോജെക്ടുകൾ നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. എന്നാൽ സെക്രട്ടറിയടക്കമുള്ള നിർവഹണ ഉദ്യോഗസ്ഥർ ഹാജരാക്കിയ ഫയലിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

2. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.

3. ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ എഴുതുന്നില്ല. . എഴുതുന്നവ അപൂർണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. സൂചിക വിതരണ രജിസ്റ്ററിൽ തിയ്യതി വച്ച് എല്ലാ സെക്ഷനുകളും ഒപ്പു വയ്ക്കുന്നുമില്ല.. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12-2-2021 ലെ നം. റൂൾസ്-2/22/2020/ഉഭപവ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

4. GO(P) No.177/2006/FIN Dt 12.4.06 പ്രകാരം എല്ലാ നിർവഹണ ഉദ്യോഗസ്ഥരും പ്രോജെക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ സെക്രട്ടറി, മെഡിക്കൽ ഓഫീസർമാർ, അസി. എഞ്ചിനീയർ, ഹെഡ് മാസ്റ്റർ തുടങ്ങിയ ചില നിർവഹണ ഉദ്യോഗസ്ഥർ പ്രോജെക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. എല്ലാ നിർവഹണ ഉദ്യോഗസ്ഥർക്കും പ്രൊജക്ട് രജിസ്റ്റർ നൽകി എന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

5.സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, വാട്ടർചാർജ് രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കുന്നില്ല. . വൈദ്യുതി ചാർജ്, വാട്ടർ ചാർജ് എന്നിവ ഉപയോഗത്തിനനുസരിച്ച് മാത്രമേ ഒടുക്കേണ്ടി വരുന്നുള്ളൂ എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

6. ഗവ: സർക്കുകലർ നം 86/10/ഫിൻ 24.9.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്യുന്നില്ല.

7. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾ, വില കുറഞ്ഞ സ്റ്റോർ, ഓഫീസ് ഫർണിച്ചർ, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. വാർഷിക സ്റ്റോക്ക് പരിശോധന കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ പ്രകാരം നടത്തുന്നില്ല.

8. ഗ്രാമ പഞ്ചായത്തിൽ ഉപയോഗിക്കുന്ന അളവു പുസ്തകങ്ങളിൽ നമ്പർ, സാക്ഷ്യപ്പെടുത്തൽ എന്നിവ രേഖപ്പെടുത്തി സെക്രട്ടറിയാണ് അസിസ്റ്റന്റ് എഞ്ചിനിയർമാർക്ക് നൽകേണ്ടത്. എന്നാൽ അപ്രകാരമല്ല ചെയ്യുന്നത്.

9. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ സത്വര നടപടികൾ

സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-04-2021 | 02/2021-03/2021 | 19-04-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-07-2018 | 2013-14 മുതൽ 2017-18 | 16-07-2018 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

2020-21 ലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. തൊഴിൽ നികുതി (എംപ്ലോയീസ്) രജിസ്റ്റർ പ്രകാരം ഡിമാന്റ് തുക 1675470 രൂപയും എ എഫ് എസ് പ്രകാരം 1660970രൂപയും ആണ്.

2. ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം ഡിമാന്റ് തുക 179025രൂപയും എഎഫ് എസ് പ്രകാരം 193700രൂപയും ആണ്.

3. വിവിധ ക്ഷേമപദ്ധതികളുടെ രജിസ്റ്ററിൽ വർഷവസാനം അബ്സ്ട്രാക്റ്റ് എഴുതി സൂക്ഷിക്കാത്തതിനാൽ എ എഫ് എസുമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. ബാലൻസ് ഷീറ്റ് B 12 ൽ ഇൻവെസ്റ്റ്മെന്റ് എന്ന ഇനത്തിൽ 203400 രൂപ ഇക്വിറ്റി ഷെയർസ്എന്ന് കൊടുത്തിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള ഇക്വിറ്റി ഷെയറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
5. ബാലൻസ് ഷീറ്റിലെ B-14 പ്രകാരം Stock In Hand ഇനത്തിൽ 0.00 തുകയാണ് കാണിച്ചിട്ടുള്ളത്. എന്നാൽ രസീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം തന്നെ 706.33 രൂപയുടെ ബാലൻസ് ഉള്ളതായി കാണുന്നു.
6. പ്രതിദിനം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ട കാഷ് ബുക്കിനു പകരം കാഷ് ബുക്ക് സമ്മറി, ഡേബുക്ക് എന്നിവയാണ് പ്രിന്റ് എടുത്ത് വച്ചിട്ടുള്ളത്. (2011-ലെ കേ. പ.രാ. (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 6 ന്റെ കുറിപ്പ് കാണുക.)
7 .B-4 ഷെഡ്യൂളിൽ ഉൾപ്പെട്ട ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.
8. ബാങ്ക് ബുക്ക്, റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പ്രതിദിനവും മാസാന്ത്യത്തിലും തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പകരം വർഷാവസാനം മാത്രം ഒന്നായിട്ടാണ് ബാങ്ക് ബുക്ക് പ്രിന്റെടുത്തിട്ടുള്ളത്. അതിനാൽത്തന്നെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ബാങ്ക് ബുക്കിൽ അതാതു മാസാവസാനം ചേർത്തു വയ്ക്കാതെ വേറിട്ടു സൂക്ഷിച്ചിരിക്കുകയുമാണ്. (2011-ലെ കേ. പ.രാ. (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 6 ന്റെ കുറിപ്പ് കാണുക.)
9.അഡ്വാൻസ് രജിസ്റ്റർ ലെഡ്ജറുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. മുൻബാക്കികൾ ക്രമീകരിക്കാനുള്ളതിന്റെ വിശദാംശം ലഭ്യമല്ല.

10. B-5 ഷെഡ്യൂൾ പ്രകാരം ലോൺ ഇനത്തിൽ 1,26,34,429/- രൂപ ബാധ്യതയായി ഉണ്ട്. ബന്ധപ്പെട്ട ഫയലിൽ ലോൺ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും വൗച്ചർ, സാക്ഷ്യപ്പെടുത്തിയ ലെഡ്ജർ എന്നിവ സൂക്ഷിക്കാത്തതിനാൽ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-12 മാനുൽ രസീത് ബുക്ക് ഉപയോഗത്തിലെ അപാകതകൾ

പഞ്ചായത്തിലെ വിവിധ നികുതികൾ പിരിച്ചെടുക്കുന്നതിനു വേണ്ടി ജീവനക്കാർക്ക് വിതരണം ചെയ്ത രസീത് ബുക്ക് ഉപയോഗത്തിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടു.

1 2011-ലെ കേരളാ പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 4(3) പ്രകാരം രസീതുകൾ ക്രമമായി നമ്പറിട്ട് സൂക്ഷിക്കേണ്ടതും പഞ്ചായത്ത് സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഓരോ പുസ്തകത്തിന്റെയും താളുകൾ എണ്ണി തിട്ടപ്പെടുത്തി അവസാനത്തെ പേജിൽ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ രസീതു ബുക്കുകൾ പരിശോധിച്ചതിൽ പല രസീതു ബുക്കിലും ഇപ്രകാരം സാക്ഷ്യപ്പെടുത്തലുകൾ രേഖപ്പെടുത്തിയിട്ടില്ല.

ഉദാ: 808, 809, 810, 813, 817, 819, 813, 4447, 4448, 4450, 13355, 13358

2. വിവിധ കാരണങ്ങളാൽ രസീതുകൾ റദ്ദു ചെയ്യേണ്ടി വന്നാൽ രസീതിന്റെ അസ്സൽ, പകർപ്പ് എന്നിവ സൂക്ഷിക്കേണ്ടതും അവയിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ക്യാൻസൽ ചെയ്ത പല രസീതികളിലും സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ രേഖപ്പെടുത്തിയിട്ടില്ല.

ഉദാ: ബുക്ക് & രസീത് നം. 813-50, 4439-71, 4442-35, 18766-63

3. രസീത് ബുക്ക് 813 ൽ രസീത് നം 50 ക്യാൻസൽ ചെയ്തിട്ടുണ്ട്. എന്നാൽ അതിന്റെ പകർപ്പ് സൂക്ഷിച്ചിട്ടില്ല.

4. രസീത് ബുക്ക് 13358 ൽ രസീത് നം 47 പ്രകാരം മുഹമ്മദ് മുസ്തഫ എന്ന വ്യക്തിയിൽ നിന്ന്15-03-2020ന് 418 രൂപ വസ്തു നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ഇത് പഞ്ചായത്തിൽ അടവാക്കിയതായി കാണുന്നില്ല. കലക്ഷൻ രജിസ്റ്ററിൽ ഈ തുക ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രസീതുബുക്കിൽ അപ്രകാരം രേഖപ്പെടുത്തൽ ഒന്നും വരുത്തിയിട്ടില്ല.

5. തുക പിരിച്ചെടുത്തതിനു ശേഷം അസ്സൽ രസീതിൽ നികുതി അടവാക്കിയ വ്യക്തിയുടെ പേരും തുകയും തിരുത്തിയതായി കാണുന്നു. (രസീത് ബുക്ക് 13352 രസീത് നം 100).

6. സാമ്പത്തിക വർഷാവസാനം ഉപയോഗിക്കുന്ന രസീതുബുക്കിലെ ബാക്കിയുള്ള രസീതുകൾ അടുത്ത വർഷം ഉപയോഗിക്കാൻ സാധ്യതയില്ലെങ്കിൽ ഓരോ രസീതും ക്യാൻസൽഡ് എന്ന് രേഖപ്പെടുത്തി സെക്രട്ടറിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷം ഉപയോഗിച്ച രസീത് ബുക്ക് 13361 ൽ 1-77 വരെ ഉപയോഗിച്ച് ബാക്കിയുള്ള രസീതുകൾ ക്യാൻസൽ ചെയ്യാതെ അടുത്ത വർഷം പുതിയ രസീത് ബുക്ക് ഉപയോഗിച്ചിട്ടുണ്ട്. (2011-ലെ കേരളാ പഞ്ചായത്ത് രാജ് (അക്കൌണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 83 കാണുക.)

മേൽ അപാകതകൾക്ക് വിശദീകരണം ചോദിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 11/2020-21 തിയതി 06-09-21) വിവിധ സാക്ഷ്യപ്പെടുത്തലുകൾ ആവശ്യമായ രസീതു ബുക്കുകൾ അപ്രകാരം സാക്ഷ്യപ്പെടുത്തലുകൾ രേഖപ്പെടുത്തിയതും രസീത് ബുക്ക് നം 813ൽ രസീത് 50 ലെ 227 രൂപ 07.09.21 ലെ 121010102162നമ്പർ പ്രകാരവും , രസീത് ബുക്ക് നം 13358 ൽ രസീത് 50 ലെ 418 രൂപ 08.09.21 ലെ 121010102196 നമ്പർ പ്രകാരവും അടവാക്കിയ രേഖകളും പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-13 ഡി & ഒ ലൈസൻസ് - അപേക്ഷയിൽ മൂലധനം രേഖപ്പെടുത്തുന്നില്ല.

1996 കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ 31-10-2017ലെ GO (P) No 80/2017/LSGD പ്രകാരം ഭേതഗതി ചെയ്ത് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ചില അപേക്ഷകളിൽ മൂലധനത്തുക കൃത്യമായി രേഖപ്പെടുത്താതെ തന്നെ ലൈസൻസ് അനുവദിച്ചതായി കാണുന്നു. പ്രസ്തുത വിവരങ്ങളുടെ അഭാവത്തിൽ ലൈസൻസ് ഫീസ് നിർണയിച്ചത് എങ്ങനെയെന്ന് ബന്ധപ്പെട്ട രേഖകളിൽ നിന്ന് വ്യക്തമല്ല.ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ലൈസൻസിയുടെ പേര്/സ്ഥാപനം | ലൈസൻസ് നമ്പർ /ഫീസ് |
|---|---|---|
| 1 | മുഹമ്മദ് ഉനൈസ്<br>ശീതളപാനീയം നിർമ്മിച്ച് വിൽപന | ബി4/1041/20<br>400 |
| 2 | അബ്ദുനാസർ എൻ<br>റബ്ബർ മരം ഉപയോഗിച്ച് പീനിയം യൂണിറ്റ് ഉൽപാദനം | ബി4/1241/20<br>1000 |
| 3 | സുബ്രഹ്മണ്യൻ ഇ പലചരക്ക് കട | ബി4/1307/21<br>200 |
| 4 | അപ്പുണ്ണി പലചരക്ക് കട | ബി4/924/20<br>200 |
| 5 | ബാബു എം സ്പയർ മാർക്കറ്റ് | ബി4/1907/20<br>300 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 03/2020-21 തിയതി 07-09-21 ക്ക് അപേക്ഷയിലെ വിവരങ്ങൾ പരിശോധിക്കാൻ ജീവനക്കാർക്ക് നിർദ്ദേശം നൽകുന്നതും നിലവിൽ അപാകത കാണപ്പെട്ട അപേക്ഷകളിൽ വിവരങ്ങൾ പൂർണ്ണമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതുമാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14 സുഭിക്ഷ കേരളം- ഫലവൃക്ഷതൈ വിതരണ പദ്ധതി-ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തു, പദ്ധതി നടപ്പാക്കിയില്ല.

പ്രോജക്ട് നം. 446/20-21 , സുഭിക്ഷ കേരളം- ഫലവൃക്ഷതൈ വിതരണ പദ്ധതിയുടെ ഭാഗമായി മാവിൻ തൈകൾ വാങ്ങുന്നതിന് 123പേരിൽ നിന്നായി 18.75/-രൂപ വീതവും, നേന്ത്രവാഴകന്നുകൾ വാങ്ങുന്നതിന് 130പേരിൽ നിന്നായി 6.25/-രൂപ വീതവും ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടുണ്ട്. സാംഖ്യ റസീപ്റ്റ് നം. 1605817തിയ്യതി 23.03.2021 പ്രകാരം 3119/- രൂപ തനത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. പദ്ധതി നടത്തിയതായോ, പിരിച്ചെടുത്ത തുക ഗുണഭോക്താക്കൾക്ക് തിരിച്ച് നൽകിയതായിയോ കാണുന്നില്ല. ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത രസീതിന്റെ പകർപ്പ് ഗുണഭോക്താക്കൾക്ക് നൽകാതെ ആയത് രസീത് ബുക്കിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 4/20-21 യ്ക്ക് 2021 മാർച്ച് മാസത്തിൽ പദ്ധതി തുക ചെലവഴിക്കുന്നതിനായി റിക്വസിഷൻ നൽകിയെങ്കിലും, പഞ്ചായത്ത് ഫണ്ട് ലഭ്യമല്ലാത്തതിനാൽ പദ്ധതി തൻവർഷം പൂർത്തീകരിക്കാൻ കഴിഞ്ഞില്ലായെന്നും, ശേഷം സ്പിൽ ഓവർ പദ്ധതിയായി തുടരുന്നതിന് പഞ്ചായത്തിൽ കത്ത് നൽകുകയും, നിർവ്വഹണ ഉദ്യോഗസ്ഥരുടെ മീറ്റിംഗിൽ അറിയിച്ചിട്ടുണ്ടെന്നും മറുപടി നൽകി.ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത രസീത് സ്റ്റാഫിന്റെ അപര്യാപ്തത മൂലവും, കൊവിഡ് വ്യാപനത്താലും ഗുണഭോക്താക്കൾ നേരിട്ട് വരുന്നത് ഒഴിവാക്കുന്നതിന് താത്ക്കാലിക രസീതി നൽകിയിട്ടുണ്ടെന്നും, എത്രയും പെട്ടെന്ന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ മറുപടി അംഗീകരിക്കുന്നു. പദ്ധതിയുടെ നിർവ്വഹണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-15 കോൺട്രാക്ടേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഒരു അർദ്ധവർഷത്തിൽ തുടർച്ചയായോ, അല്ലാതെയോ 60 ദിവസം വരുമാനം ആർജ്ജിക്കുന്ന ഓരോ വ്യക്തിയും ആ ഗ്രാമപഞ്ചായത്തിൽ അതാത് അർദ്ധവർഷത്തെ തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥനാണ്. ഇതു പ്രകാരം പഞ്ചായത്തിന്റെ പരിധിയിലുള്ള കോൺട്രാക്ടേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന്റെ വിശദാംശം ലഭ്യമാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 13/20-21 ന് എൽ.എസ്.ജി.ഡി സെക്ഷൻ എഞ്ചിനീയറുടെ ഓഫീസിൽ നിന്നും അംഗീകൃത കരാറുകാരുടെ വിശദാംശങ്ങൾ ശേഖരിച്ച് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. ഇത് സംബന്ധിച്ച് സ്വീകരിക്കുന്ന നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-16 സ്ഥിര നിക്ഷേപം ചട്ട വിരുദ്ധമായി സൂക്ഷിക്കുന്നു.

1996- ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം പഞ്ചായത്തിന്റെ ഏതൊരു മിച്ച ഫണ്ടും ട്രഷറി സേവിംഗ്സ് ബാങ്ക്, കേരള സംസ്ഥാന /കേന്ദ്ര ഗവണ്മെന്റ് സെക്യൂരിറ്റികൾ, ഗ്രേഡിങ്ങിൽ 'B' യിൽ കുറയാത്ത സഹകരണ ബാങ്കുകൾ എന്നിവയിലാണ് നിക്ഷേപിക്കാവുന്നത്. എന്നാൽ പഞ്ചായത്തിന്റെ മിച്ച ഫണ്ട് നിക്ഷേപിച്ചിട്ടുള്ളത് കേരളാ ഗ്രാമീണ ബാങ്ക് എളങ്കൂർ ശാഖയിലാണ്. ആയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 06/2020-21 തിയതി 03-09-21) അടുത്ത ഭരണസമിതിയിൽ തീരുമാനമെടുത്ത് ടി നിക്ഷേപം പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണെന്ന് മറുപടി തന്നിട്ടുണ്ട്. ഓഡിറ്റ് നിർദ്ദേശം പാലിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-17 ബക്കറ്റ് കമ്പോസ്റ്റ് -പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ "ബക്കറ്റ് കമ്പോസ്റ്റ് " എന്ന പദ്ധതി(180/2020-21) പ്രകാരം വൗച്ചർ നം.1081/11-01-2021 പ്രകാരം 200850 രൂപയും ബിൽ നം.35/11-01-2021 പ്രകാരം 468650രൂപയും ഉൾപ്പെടെ ആകെ (669500രൂപ) IRTC യിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതു വരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിക്കാതിരുന്നതിനുള്ള കാരണം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് വി.ഇ.ഒ.ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(17/8.09.2021) വി.ഇ.ഒ ലഭ്യമാക്കിയ മറുപടിയിൽ, 266 പേർക്ക് കൂടി ബക്കറ്റ് വിതരണം ചെയ്യാനുണ്ടെന്നും ആയത് പൂർത്തീകരിച്ച് വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചു. പദ്ധതി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18 അസിസ്റ്റന്റ് എഞ്ചിനിയർ- പദ്ധതി നിർവഹണത്തിലെ പൊതു അപാകതകൾ.

അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പദ്ധതികളിലെ പൊതു അപാകതകൾ താഴെ ചേർക്കുന്നു.

1. മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ സൈറ്റ് മാപ്പ്, ആവശ്യമായ ഡ്രോയിങ്ങുകൾ എന്നിവ ചേർത്തു വയ്ക്കുന്നില്ല.

2. ഫയലിൽ പ്രൊജക്ട് റിപ്പോർട്ടും, മോണിറ്ററിംഗ് റിപ്പോർട്ടും ചേർത്തു വച്ചിട്ടില്ല.

3. പ്രവൃത്തികൾ പൂർത്തിയാക്കിയാൽ അതു വഴി നേടിയ ആസ്തി വർധന ഉൾപ്പെടുത്തി ആസ്തി രജിസ്റ്ററിൽ ആവശ്യമായ കാലികമാക്കൽ രേഖപ്പടുത്തുന്നില്ല. ഇപ്രകാരം രേഖപ്പടുത്തൽ വരുത്തിയതിന്റെ പകർപ്പ് അതാതു പ്രവൃത്തികളുടെ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

4. പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5.എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകളിലെ കോളങ്ങളെല്ലാം എഴുതി പൂർത്തീകരിച്ച് സൂക്ഷിക്കേണ്ടതാണ്.

6. അളവു പുസ്തകങ്ങളിൽ നമ്പർ, സാക്ഷ്യപ്പെടുത്തൽ എന്നിവ രേഖപ്പടുത്തി സെക്രട്ടറിയാണ് അസിസ്റ്റന്റ് എഞ്ചിനിയർക്ക് നൽകേണ്ടത്. എന്നാൽ അപ്രകാരമല്ല ചെയ്യുന്നത്.

7.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 ,പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ചുമതല. എന്നാൽ ഇപ്രകാരം റോഡ് പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 04.02.2011ലെ സ.ഉ(എം.എസ്) 31/2011/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(കൈ.)നം11/2018/ത.സ്വ.ഭ.വ, 29.01.18 -ലെ ഖണ്ഡിക 7.13(1) പ്രകാരവും ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് പ്രവൃത്തികളാണ് നടപ്പാക്കുന്നത് എങ്കിലും ഗ്രാമ പഞ്ചായത്ത് സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. ആയതിനാൽ മുൻഗണനാ ക്രമത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ റോഡ് നിർമ്മാണ/ മെയിന്റനൻസ് പ്രൊജക്ടുകളാണോ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയത് എന്ന് വ്യക്തമല്ല.

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ ചീഫ് എഞ്ചിനിയറുടെ 24-9-2014 ലെ DB2/8510/14നമ്പർ സർക്കുലറും, തദ്ദേശ ഭരണ വകുപ്പിന്റെ 14-10-2014 ലെ 45023/AB2/2014 നമ്പർ സർക്കുലറും പ്രത്യേകം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ ഈ നിബന്ധനകൾ പാലിച്ചിട്ടില്ല.

8. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പല സ്ഥാപനങ്ങളുടെയും നവീകരണ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും, പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

9. പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

ഇത്തരം അപാകതകൾ പരിഹരിക്കേണ്ടതും ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 21/20-21/9-9-2021 പ്രകാരം ഇക്കാര്യം ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.)

## 1-19 ലൈഫ് മിഷൻ ഭവന നിർമ്മാണം-പട്ടിക ജാതി -പൂർത്തീകരിച്ചിട്ടില്ല.

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായ "ലൈഫ് മിഷൻ ഭവന നിർമ്മാണം-പട്ടികജാതി" 513/2021 എന്ന പദ്ധതിയുടെ 8 ഗുണഭോക്താക്കളിൽ ഒരു ഗുണഭോക്താവ് മാത്രമാണ് നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കി

അവസാന ഗഡു കൈപ്പറ്റിയിട്ടുള്ളൂ. അവശേഷിക്കുന്ന താഴെ പറയുന്ന 7 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശദ വിവരം ചുവടെ:

| ക്രമനം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക |
|---|---|---|
| 1. | സജിത പാലക്കാപറമ്പ് | 180000 |
| 2. | നീതുഷ തേക്കിൻകാട്ടിൽ | 200000 |
| 3. | അഞ്ജുമോൾ പുന്നോത്ത് | 300000 |
| 4. | സൗമ്യ കാലങ്ങോടിപറമ്പ് | 180000 |
| 5. | സൗമ്യ അക്കരപറമ്പിൽ | 180000 |
| 6. | ജിഷ മഞ്ചേരിയൻ | 40000 |
| 7. | ജിൻസിമോൾ | 40000 |
| | ആകെ | 1120000 |

ഇക്കാര്യം സൂചിപ്പിച്ച് വി.ഇ.ഒ.ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/8-9-2021) മറുപടി നൽകിയിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വികരിക്കേണ്ടതാണ്.

## 1-20 പഴയ മോട്ടോറുകൾ ലേലം ചെയ്തു മുതൽക്കൂട്ടിയില്ല.

അസിസ്റ്റന്റ് എഞ്ചിനിയർ 2020-21 വർഷം നിർവഹണം നടത്തിയ താഴെപ്പറയുന്ന കുടിവെള്ള പ്രൊജക്ടുകളിൽ മോട്ടോറുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പഴയ മോട്ടോറുകൾ ലേലം ചെയ്തു മുതൽക്കൂട്ടിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

| ക്രമ നം. | പ്രൊജക്റ്റ് നം. | പ്രൊജക്റ്റ് പേര്/( ഫണ്ട്) | ചെലവ് തുക | വൗച്ചർ/ തീയതി |
|---|---|---|---|---|
| 1 | 236/21 | പൂളമണ്ണ എസ് സി കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം( വികസന ഫണ്ട് എസ്.സി.പി.) | 1,89,941 | 167/19-01-2021 |
| 2 | 511/21 | കരുവാരക്കുണ്ട് കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം ( സി.എഫ്.സി.ഫണ്ട്) | 99,752 | 175/30-01-2021 |
| | | ആകെ | 2,89,693 | |

(ഓഡിറ്റ് എൻക്വയറി നം 20/2020-21/ 8-9-2021 പ്രകാരം ഇക്കാര്യം ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.)

## 1-21 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീത് ബുക്കുകൾ ചട്ട പ്രകാരമുള്ളതല്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20-2 (ബി) പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീത് സെക്രട്ടറി നൽകുന്ന രസീതിൽ നിന്ന് വ്യത്യസ്തമായിരിക്കേണ്ടതും അത് അക്കൗണ്ട്സ് മാന്വലിൽ നിർദ്ദേശിച്ച ഫോറത്തിൽ ഉള്ളതുമായിരിക്കണം. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വേണ്ടിയുള്ള രസീത് ബുക്കുകൾ നിർദ്ദിഷ്ട ഫോറത്തിൽ സെക്രട്ടറി അച്ചടിപ്പിച്ച് നൽകേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ നിന്നും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ രസീത് ബുക്കുകൾ സെക്രട്ടറി നൽകുന്ന രസീതിൽ നിന്ന് വ്യത്യസ്തമായതല്ല. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 07/2020-21 തിയതി 03/09/21 ന് നിർദ്ദിഷ്ട മാതൃക ലഭ്യമാകുന്ന മുറക്ക് പുതിയ രസീതുബുക്കുകൾ അച്ചടിപ്പിച്ച് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-22 വെറ്റിനറി ഡിസ്പൻസറിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ-മുൻകൂർ തുക നൽകി,കമ്പ്യൂട്ടർ ലഭ്യമായില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം/ പേര് | 542-വെറ്റിനറി ഡിസ്പൻസറിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 50,000/-(മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്) |
| ചെലവ് | 43,162/- |
| ബിൽ നമ്പർ | 17/20-21 തിയതി 19-10-2021 |

ഈ പ്രൊജക്ട് പ്രകാരം കമ്പ്യൂട്ടർ വാങ്ങുന്നതിനായി KELTRON ന് ബിൽ പ്രകാരമുള്ള 43,162 രൂപ മുൻകൂർ നല്കിയിട്ടുണ്ട്. തുക Kerala State IT Mission ന്റെ 799011400003959 നമ്പരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. KELTRON തുക കൈപ്പറ്റിയതായി കാണിക്കുന്ന Order Acknowledgement ഫയലിൽ ഉണ്ട്. എന്നാൽ നാളിതു വരെ കമ്പ്യൂട്ടർ ലഭിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം 15/2020-21/ 08-09-2021).
കമ്പ്യൂട്ടർ കൈപ്പറ്റി സ്റ്റോക്കിലെടുത്ത് വിവരം ലഭ്യമാക്കേണ്ടതാണ്. 43,162 രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

## 1-23 എസ്.സി വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ് വിതരണം പൂർത്തിയാവാത്തത് - 1266774/- രൂപ തടസ്സപ്പെടുത്തുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾ പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകുന്നതിനായി സ.ഉ(സാധാ)നം.25/2018/ITD/01.02.2018 നിർദേശമനുസരിച്ച് കേരള സ്റ്റേറ്റ് ഐ ടി മിഷനു കീഴിലുള്ള CPRCS പോർട്ടൽ വഴി ഓർഡർ നൽകുകയും സപ്ലൈ ഏജൻസിയായ കെൽട്രോൺ നൽകിയ പ്രൊഫോർമ ഇൻവോയിസ് പ്രകാരമുള്ള തുകകൾ(സർവ്വീസ് ചാർജ്ജ് ഉൾപ്പെടെ) കേരള സ്റ്റേറ്റ് ഐ ടി മിഷന് മുൻകൂറായി നൽകുകയും ചെയ്തിട്ടുണ്ട്. ലാപ്ടോപ്പുകൾ ഇനിയും ലഭ്യമാക്കാത്തതായും ലഭ്യമാക്കിയവ പലതും വിതരണം ചെയ്യാത്തതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ | 366/20-21 (So) | 29/20-21 | 30/20-21 |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | എസ് സി വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ് | എസ് സി വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ് | എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് |
| അടങ്കൽ | 458734 വികസനഫണ്ട് Scp + 17851 തനത് ഫണ്ട് | 519900 വികസനഫണ്ട് Scp + 2100 തനത് ഫണ്ട് | 300000 വികസനഫണ്ട് Scp |
| ചെലവ് | 472169 (458734+13435) | 499466 | 295139 |
| ബിൽ/ ചെക്ക് നം. തുക | 2/24.04.20, 358601<br>6/24.04.20, 100133<br>1542731/18.11.20, 13435 | 16/07.01.21, 499466 | 17/11.01.21, 295139 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി |

I) 366/20-21 (So)

മേൽ പദ്ധതിയിൽ ലാപ്ടോപ് വാങ്ങുന്നതിനായി 472169/-രൂപ KELTRON ന് നേരിട്ട് മുൻകൂർ നൽകിയിട്ടുണ്ട്.

പദ്ധതി പ്രകാരം എത്ര ലാപ്ടോപുകളാണ് ഓർഡർ ചെയ്തതെന്നോ, എത്ര എണ്ണം ലഭ്യമായെന്നോ ഉള്ള വിവരം ഫയലിലില്ല. 22703/-രൂപ നിരക്കിലുള്ള 18 ലാപ്ടോപുകൾക്കുള്ള 408654/- രൂപയുടെ പ്രഫോർമ ഇൻവോയിസ് (TVM/ITBG/PI/RC/152113/19-20/07.02.20) മാത്രമാണ് ഫയലിൽ കാണുന്നത്. ബാക്കി തുക നൽകിയത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/20-21/06.09.21) 23എണ്ണം ഓർഡർ ചെയ്യുകയും ലഭ്യമാവുകയും ചെയ്തിട്ടുണ്ടെന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ലഭ്യമായ ലാപ്ടോപുകൾ ഇൻവോയിസ് പ്രകാരം സ്റ്റോക്കിലെടുത്തിട്ടില്ല. ലാപ്ടോപുകൾ കെൽട്രോണിൽ നിന്നും അല്ലെങ്കിൽ മറ്റു കമ്പനികളിൽ നിന്നും ലഭ്യമാക്കിയ ടാക്സ് ഇൻവോയിസുകൾ പരിശോധനക്ക്

ഹാജരാക്കിയിട്ടുമില്ല. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. പദ്ധതിയുടെ ചെലവ് തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

പദ്ധതി പ്രകാരം കെൽട്രോണിന് തുക നൽകിയതിന്റെ മുഴുവൻ വിശദാംശങ്ങൾ, ലാപ്ടോപ്പുകൾ ലഭ്യമായ ടാക്സ് ഇൻവോയിസുകൾ , ആയവ സ്റ്റോക്കിലെടുത്തതിന്റെ വിവരം, കെൽട്രോണിൽ നിന്നുള്ള ഫൈനൽ ബിൽ എന്നിവ ഹാജരാക്കേണ്ടതാണ്. 472169 /-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

II) 29/20-21

പട്ടികജാതി അവസാന വർഷ ബിരുദ വിദ്യാർത്ഥിനികൾക്കും പി ജി വിദ്യാർത്ഥിനികൾക്കും ലാപ്ടോപ് വാങ്ങി നൽകുന്നതാണ് പദ്ധതി. കെൽട്രോൺ നൽകിയ പ്രഫോർമ ഇൻവോയിസ് (TVM/ITBG/PI/RC/19964/20-21/02.11.20, 22 എണ്ണം*22703) പ്രകാരം 499466/-രൂപ കേരള സ്റ്റേറ്റ് ഐ ടി മിഷന് മുൻകൂറായി നൽകിയിട്ടുണ്ട്. ലാപ്ടോപ്പുകൾ ലഭ്യമായത് സംബന്ധിച്ചുള്ള സ്റ്റോക്ക്, വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ, ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/20-21/06.09.21) 16എണ്ണം ഗുണഭോക്താക്കൾക്ക് വിതരണം നടത്തുകയും 4 എണ്ണം വിതരണം ചെയ്യാതെ ഇരിക്കുന്നുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ 22 എണ്ണത്തിന് ഓർഡർ ചെയ്തതായി കാണുന്നു. ലഭ്യമായ ലാപ്ടോപ്പുകൾ ഇൻവോയിസ് പ്രകാരം സ്റ്റോക്കിലെടുത്തിട്ടില്ല. ലാപ്ടോപ്പുകൾ കെൽട്രോണിൽ നിന്നും അല്ലെങ്കിൽ മറ്റു കമ്പനികളിൽ നിന്നും ലഭ്യമാക്കിയ ടാക്സ് ഇൻവോയിസുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടുമില്ല. ആയതിനാൽ എത്ര എണ്ണം യഥാർത്ഥത്തിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമല്ല.

ലാപ്ടോപ്പുകൾ ലഭ്യമായ ടാക്സ് ഇൻവോയിസുകൾ , ആയവ സ്റ്റോക്കിലെടുത്തതിന്റെ വിവരം, പൂർണ്ണമായും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത രേഖകള്, കെൽട്രോണിൽ നിന്നുള്ള ഫൈനൽ ബിൽ എന്നിവ ഹാജരാക്കുന്നത് വരെ ടി പദ്ധതിയുടെ ചെലവ് തുകയായ499466 /-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

III) 30/20-21

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകുന്നതാണ് പദ്ധതി. കെൽട്രോൺ നൽകിയ പ്രഫോർമ ഇൻവോയിസ് (TVM/ITBG/PI/RC/19965/20-21/02.11.20, 13 എണ്ണം*22703) പ്രകാരം 13 എണ്ണം വാങ്ങുന്നതിനായി 295139/-രൂപ കേരള സ്റ്റേറ്റ് ഐ ടി മിഷന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ടി പദ്ധതി പ്രകാരമുള്ള ലാപ്ടോപ്പുകൾ ലഭ്യമായിട്ടില്ല. കൂടാതെ, ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ലാപ്ടോപ്പുകൾ ലഭ്യമാക്കി വിതരണം ചെയ്യുന്നതുവരെ ഈ ഇനത്തിൽ ചെലവഴിച്ച 295139/-രൂപ തടസ്സപ്പെടുത്തുന്നു.

ലാപ്ടോപ്പുകൾ കെൽട്രോണിൽനിന്നും അടിയന്തിരമായി ലഭ്യമാക്കി സ്റ്റോക്ക്, വിതരണം ഉറപ്പ് വരുത്തുന്ന രേഖകൾ ലഭ്യമാക്കി 1266774/- (472169+499466+295139)രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 CPRCS പോർട്ടൽ വഴി പി.എച്ച്.സി യിലേക്ക് കംപ്യൂട്ടർ വാങ്ങൽ - കംപ്യൂട്ടർ ലഭ്യമായിട്ടില്ല - 42510/- രൂപ തടസ്സപ്പെടുത്തുന്നു.

താഴെ പറയുന്ന പദ്ധതികൾ പ്രകാരം CPRCS (സ.ഉ(സാധാ)നം.25/2018/ITD/01.02.2018 പ്രകാരം) പോർട്ടൽ വഴി KELTRON ൽ നിന്ന് കമ്പ്യൂട്ടർ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ ടി മിഷന് മുൻകൂറായി നൽകിയിട്ടുണ്ട്. പദ്ധതികളുടെ ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 537/20-21 | 546/20-21 |
| പ്രോജക്ടിന്റെ പേര് | സബ്സെന്ററുകൾക്ക് കംപ്യൂട്ടറും യു.പി.എസും | PHCയിലേക്ക് കംപ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ വാങ്ങൽ |
| അടങ്കൽ | 299999 (മെയിന്റനൻസ് ഫണ്ട് റോഡിതരം) | 150000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 238455 | 85406 |
| ബിൽ നം. തുക | 37/12.03.21, 220815<br>45/30.03.21, 17640 | 38/14.03.21, 82886<br>44/30.03.21, 2520 |
| നിർവ്വഹണം | മെഡിക്കൽ | മെഡിക്കൽ ഓഫീസർ, |

| | | |
|---|---|---|
| | ഓഫീസർ, PHC | PHC |

A) 537/20-21 പദ്ധതിയിൽ 7 സബ്സെന്ററുകളിലേക്ക് കംപ്യൂട്ടർ വാങ്ങുന്നതിന് ബിൽ നം.37 പ്രകാരമുള്ള 220815 രൂപ പ്രഫോർമ ഇൻവോയ്സ് നം. TVM/ITBG/P1/RC/22842/2021-31-03-2021പ്രകാരം 17 മിഷന് മുൻകൂർ നൽകിയിട്ടുണ്ട്. HP India ,Chennai ൽ നിന്നും ഇൻവോയിസ് നം. TN12193008225/10.07.21 അനുസരിച്ച് 210539/- രൂപ മൂല്യത്തിൽ 7 കംപ്യൂട്ടർ ലഭ്യമായിട്ടുണ്ട്. എന്നാൽ കെൽട്രോണിൽ നിന്നുള്ള ഫൈനൽ ബിൽ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

B) 546/20-21 പദ്ധതി പ്രകാരം പി.എച്ച്.സി യിലേക്ക് Multi Function പ്രിന്റർ 2 എണ്ണം വാങ്ങുന്നതിനായി കെൽട്രോൺ നൽകിയ പ്രഫോർമ ഇൻവോയിസ് അനുസരിച്ച തുകയായ 40376/- രൂപ ഐ.ടി.മിഷന് മുൻകൂർ നൽകിയിട്ടുണ്ട്. HP India Mumbai ൽ നിന്നും ഇൻവോയിസ് നം. 7501136979/06.05.21 പ്രകാരം 38494/- രൂപ മൂല്യത്തിൽ 2 പ്രിന്ററുകൾ ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ കെൽട്രോണിൽ നിന്നുള്ള ഫൈനൽ ബിൽ ലഭ്യമാക്കിയിട്ടില്ല. ആയതിനായി കെൽട്രോണിൽ അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.10/20-21/06.09.21) മറുപടി നൽകിയിട്ടുണ്ട്.

C) കൂടാതെ, മേൽ പദ്ധതി പ്രകാരം പി.എച്ച്.സി യിലേക്ക് ഒരു കംപ്യൂട്ടർ വാങ്ങുന്നതിനായി കെൽട്രോൺ നൽകിയ പ്രഫോർമ ഇൻവോയിസ്(TVM/ITBG/PI/RC/22866/20-21/03.03.21) അനുസരിച്ച് 42510/- രൂപ കേരള ഐ.ടി മിഷന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രസ്തുത കംപ്യൂട്ടർ ലഭ്യമായിട്ടില്ല. കംപ്യൂട്ടർ ലഭ്യമാക്കുന്നതുവരെ 42510/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. ആയത് ലഭ്യമാക്കി ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-25 CPRCS പോർട്ടൽ വഴി ഹോമിയോ ഡിസ്പെൻസറിയിലേക്ക് കംപ്യൂട്ടർ വാങ്ങൽ - കംപ്യൂട്ടർ ലഭ്യമായിട്ടില്ല - 43162/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 541/20-21 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേക്ക് കംപ്യൂട്ടർ വാങ്ങൽ |
| അടങ്കൽ | 50000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 43162 |
| ബിൽ നം. തുക | 3/12.03.21, 43162 |
| ഓഡിറ്റ് എൻക്വയറി നം. | 2/20-21/27.08.21 |

ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് CPRCS പോർട്ടൽ വഴി കംപ്യൂട്ടർ വാങ്ങുന്നതിനായി കെൽട്രോൺ നൽകിയ പ്രൊഫോർമ ഇൻവോയിസ് (No.TVM/ITBG/PI/RC/23589/20-21, 06.03.21) പ്രകാരം 43162/-രൂപ കേരള സ്റ്റേറ്റ് ഐ ടി മിഷന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ കംപ്യൂട്ടർ ലഭ്യമായിട്ടില്ല. ആയതിനാൽ ചെലവ് തുകയായ 43162/-രൂപ തടസ്സപ്പെടുത്തുന്നു. കംപ്യൂട്ടർ ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-26 കെ.എം.എസ്.സി.എൽ ൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

പ്രൊജക്റ്റ് നം.36/20-21 പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം മെയിന്റനൻസ് ഫണ്ട് റോഡിതരം 927837/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ബിൽ നം. 39/18.03.21 പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മുൻകൂർ നൽകിയ98460/-രൂപയിൽ ഇൻവോയ്സ് 1994/30-05-2021, 16553, നം.1794/26-05-2021, 28431, നം.476/27-4-2021, 40257 എന്നിങ്ങനെ 85241/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 13219/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.( ഓഡിറ്റ് എൻക്വയറി നം.10/20-21/06.09.21 )

## 1-27 ഹോംകോയിൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 280/20-21 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 100000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 100000 |
| ബിൽ നം. തുക | 01/23.12.20 |
| നിർവ്വഹണ അദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |

മേൽ പദ്ധതി പ്രകാരം HOMCOയിൽ നിന്ന് മരുന്ന് വാങ്ങുന്നതിനായി 100000/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ 64288/- രൂപയുടെ (ഇൻവോയിസ് നം.LF-564/08.06.21) മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 35712/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നം. 2/20-21/27.08.21)

## 1-28 മുൻകൂർ തുക നല്കി-കമ്പ്യൂട്ടർ ലഭിച്ചിട്ടില്ല.(ഗവ. ആയൂർവേദ ഡിസ്പെൻസറി)

പ്രൊ. നം.543/21 : ആയൂർവേദ ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടർ

ബിൽ നം.2/20-21/16-3-21 Rs. 43,162

അടങ്കൽ: 50,000 (MG-NR)

ഈ പ്രൊജക്റ്റ് പ്രകാരം കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിനായി KELTRON ന് Proforma Invoice. No. TVM/ITBG/PI/RC/24187/20-21 Dt. 10-3-2021 ന്റെ അടിസ്ഥാനത്തിൽ ബിൽ പ്രകാരമുള്ള43,162 രൂപ മുൻകൂർ നല്കിയിട്ടുണ്ട്.

എന്നാൽ ടി Proforma Invoice-ൽ ആയത് Indicative Offer For Getting Administrative Sanction മാത്രമാണെന്ന് പറയുന്നുണ്ട്.

തുക Kerala State IT Mission ന്റെ 799011400003959 നമ്പരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കാണ് സെക്രട്ടറി ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. KELTRON തുക കൈപ്പറ്റിയതായി കാണിക്കുന്ന Order Acknowledgement ഫയലിൽ ഉണ്ട്. എന്നാൽ നാളിതുവരെ കമ്പ്യൂട്ടർ ലഭിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം 1 /2020-21/ 27-8-2021)

കമ്പ്യൂട്ടർ കൈപ്പറ്റിയതിന്റെ സ്റ്റോക്ക് വിവരം ലഭ്യമാക്കുന്നതു വരെ 43,162 രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2020-21 | 2020-21 വർഷത്തെ ഓഡിറ്റ് വേളയിൽ പരിശോധിച്ചു. | |

## 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി നം, പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 51,000 | 28, ജീവനി നെൽകൃഷിക്ക് കൂലി ചെലവ് | 51,000 | 0 |
| | 8,99,697 | 79 മണ്ണാത്തിക്കുളം പുനരുദ്ധാരണം | 8,99,697 | 0 |
| | 4,67,000 | 244, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് വിതരണം (ജനറൽ) | 4,67,000 | 0 |
| | 5,00,000 | 259, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 5,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 10,00,000 | 79,മണ്ണാത്തിക്കുളം പുനരുദ്ധാരണം | 10,00,000 | 0 |
| | 7,25,000 | 244, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് വിതരണം (ജനറൽ) | 7,25,000 | 0 |
| | 2,74,211 | 411, ആമയൂർ സബ് സെന്ററിന് പുതിയ കെട്ടിടം | 2,74,211 | 0 |
| | 10,00,000 | 425, നീലങ്ങോട് മിനി സ്റ്റേഡിയം സ്ഥലം വാങ്ങൽ | 10,00,000 | 0 |
| | 10,00,000 | 500, ലൈഫ് മിഷൻ ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങൽ ജനറൽ | 10,00,000 | 0 |
| | 5,60,000 | 512ലൈഫ് മിഷൻ ഭവന നിർമ്മാണത്തിനം ജനറൽ | 5,60,000 | 0 |
| | 2,24,000 | 513 ലൈഫ് മിഷൻ ഭവന നിർമ്മാണത്തിനം ജനറൽ | 2,24,000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | പൂർത്തീകരിച്ച വിവരം | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| KSEB | 126 പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | 22001389 Dtd 05.03.21 | 249900 | യു.സി.ലഭ്യമായിട്ടില്ല | 249900 |
| KGA | 340, പിലാതോട്ടം കുടിവെള്ള പദ്ധതി മോട്ടോർ വാങ്ങൽ, അനുബന്ധപ്രവൃത്തികളും | 22000269 Dtd 12.04.2020 | 74210 | യു.സി.ലഭ്യമായിട്ടില്ല | 74210 |
| KGA | 350, കുമംകുളം അംഗനവാടിക്ക് മോട്ടോർടാങ്ക് | 22000305 Dtd 12.04.2020 | 58211 | യു.സി.ലഭ്യമായിട്ടില്ല | 58211 |
| KGA | വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം | 22000843 Dtd 06.11.2020 | 264375 | യു.സി.ലഭ്യമായിട്ടില്ല | 264375 |
| KSEB | പഞ്ചായത്ത് ഓഫീസിന്റെ മുന്നിലെ വൈദ്യുതി ലൈൻ ഉയർത്തൽ | 22000875 Dtd 20.11.2020 | 93364 | യു.സി.ലഭ്യമായിട്ടില്ല | 93364 |

| | | | | | |
|---|---|---|---|---|---|
| KSEB | വൈദ്യുതി കണക്ഷന തുക അടവാക്കൽ | 22001395 Dtd 15.03.21 | 79373 | യു.സി.ലഭ്യമായിട്ടില്ല | 79373 |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ പത്രവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുണ്ടായിരുന്ന മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | സമ്പൂർണ്ണ പാർപ്പിട പദ്ധതി-ജനറൽ ലൈഫ് ഹഡ്കോ വായ്പ | GO(MS) 68/2018/Lsgd Dated 18/05/2018 | 3600000 | 10058351 | 1023922 | 0 | 12634429 |
| 2 | സമ്പൂർണ്ണ പാർപ്പിട പദ്ധതി-എസ് സി പി ലൈഫ് ഹഡ്കോ വായ്പ | | | | | | |
| 3 | സമ്പൂർണ്ണ പാർപ്പിട പദ്ധതി-ജനറൽ ലൈഫ് ഹഡ്കോ വായ്പ | | | | | | |
| 4 | സമ്പൂർണ്ണ പാർപ്പിട പദ്ധതി-എസ് സി പി ലൈഫ് ഹഡ്കോ വായ്പ | | | | | | |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2407592 |
| തൻ വർഷം നിക്ഷേപിച്ച തുക | 190176 |
| ആകെ | 2597768 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 2597768 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രസീതി നമ്പർ/തീയതി |
|---|---|---|
| കേരള ഗ്രാമീൺ ബാങ്കിൽ സ്ഥിരനിക്ഷേപം | 2597768 | 42000143/06-08-2020 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 2-4 | 2017 | 2-4 | തൊഴിൽ(സ്ഥാപന) നികുതി | ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | അടവാക്കാത്തത് (കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ തൃക്കലങ്ങോട്, ബി.എസ്.എൻ.എൽ തൃക്കലങ്ങോട് , വനിതാ സഹകരണ സംഘം എളങ്കൂർ ) ,<br><br>തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്തത്.( പീസ് പബ്ലിക് സ്കൂൾ ,എക്സ്റ്റർ കോളേജ് ഓഫ് സയൻസ് ,ഇ.കെ.സി ഏറനാട് ക്ലോളജ് സിറ്റി മഞ്ചേരി) | കത്ത് നൽകി, വനിതാ സഹകരണ സംഘം എളങ്കൂർ എന്ന സ്ഥാപനം പിഴയുൾപ്പടെ തുക ഈടാക്കി (റസീ.നം 118010104030 തി. 24/9/18)<br><br>10/12/16 ന് 11501103954,3955,3956,3957,3958 എന്നീ രശീതികൾ പ്രകാരം പിഴ സഹിതം തുക അടവാക്കി . |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

(എ). ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി). സർചാർജ് നടപടി വഴി ഈടാക്കിയ തുക

സർചാർജ് നടപടികളുടെ വിവരം

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നംപർ/തീയതി | തുക | |
| 1 | 2016-17 | 3-6. | ശ്രീ.കുഞ്ഞൻ ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്. പുലത്ത്. | KSAMPM5/1953/2017 | 75000 | തുക അടവാക്കാൻ അവശേഷിക്കുന്നു. |

## 4-10 ഓഡിറ്റ് പ്രത്യാവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 35870157 |
| ഓഡിറ്റ് വർഷത്തെ വരവ് | 127408731 |
| ആകെ | 163278888 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 126303721 |
| നീക്കിയിരിപ്പ് | 36975137 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1438770 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി). ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-22 | 43162 | ഡോ. സ്മിത.എസ്. വെറ്ററിനറി സർജൻ |
| 1-23 | 1266774 | ശ്രീമതി ഗീത.പി., അസിസ്റ്റന്റ് സെക്രട്ടറി |
| 1-24 | 42510 | ഡോ.ജയനാരായണൻ.എ.എം., മെഡിക്കൽ ഓഫീസർ |
| 1-25 | 43162 | ഡോ.ഷാഹുൽ ഹമീദ്, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-28 | 43162 | ഡോ.ജിഷലി.എൻ., മെഡിക്കൽ ഓഫീസർ, ആയുർവേദം |
| ആകെ | 1438770 | |

(ഡി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ എഫ് എം15/509/2000/23.10.10 | 2 |
| 1997-98 | എൽ എഫ് എം6/1359/07/23.10.10 | 33 |
| 1998-99 | എൽ എഫ് എം15/979/07 തീയതി 23-10-10 | 33 |
| 1999-00(വരവ്) | എൽ എഫ് എം 6/1779/07 തിയതി 23-10-10 | 8 |
| 2000-01(വരവ്) | എൽ എഫ് എം6/1780/07 തീ.തി 23.10.10 | 9 |
| 2001-02(വരവ് | എൽ എഫ് എം6/1781/07/23.10.10 | 11 |
| 1999-02(ചെലവ്) | എൽ എഫ് എം6/1537/07/23.10.10 | 60 |
| 2002-03 | എൽ എഫ് എം6/1782/07/23.10.10 | 15 |
| 2003-04 | എൽ എഫ് എം6/1972/07/23.10.10(2) | 57 |
| 2004-05 | എൽ എഫ് എം6/1736/08/23.10.10 | 16 |
| 2005-06 | എൽ എഫ് എം6/1737/08/13.2.09 | 8 |
| 2006-07 | എൽ എഫ് എം6/1694/09/1.12.09 | 30 |
| 2007-08 | എൽ എഫ് എം8/1486/11/12.6.12 | 15 |
| 2008-09 | എൽ എഫ് എം8/1487/11/21-05-12 | 17 |
| 2009-10 2010-11 | എൽ എഫ് എം5/2432/13/15.7.14 | 12 |
| 2011-12 2012-13 | കെ എസ് എ എം പി എം5/914/15/31.7.17 | 26 |
| 2013-14 2014-15 | കെ എസ് എ എം പി എം 5/1579/16/22.6.17 | 26 |
| 2015-16 | കെ എസ് എ എം പി എം9/2242/18/06.03.19 | 18 |
| | | |

| | | |
|---|---|---|
| 2016-17 | കെ എസ് എ എം പി എം9/1385/2018/09.07.19 | 15 |
| 2017-18 | കെ എസ് എ എം പി എം9/2437/18/22.02.19 | 19 |
| 2018-19 | കെ.എസ്.എ.എം.പി.എം.9/1113/2020 തീയതി 30-09-2020 | 13 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
ഡെപ്യൂട്ടി ഡയറക്ടർ,
സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്